പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4440

21.03.2018-ൽ മറുപടിയ്ക്ക്

## കായംകുളം ഭാഗത്തെ റോഡപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. യു. പ്രതിഭ ഹരി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) കായംകുളം മണ്ഡലത്തിൽ ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ ദിനം പ്രതി റോഡപകടങ്ങളും ഇതേത്തുടർന്നുണ്ടാകുന്ന മരണങ്ങളും പെരുകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രദേശത്ത് കൂടുതൽ അപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെന്ന് പഠിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

(ബി) ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി സ്ഥലത്ത് ദേശീയപാതയിൽ റോഡിന്റെ വീതിക്കുറവും, ഇരു ദിശയിലേയ്ക്കും വാഹനങ്ങൾ സുഗമമായി സഞ്ചരിക്കുന്നതിനുള്ള ഡിവൈഡർ ഇല്ലാത്തതും അപകടങ്ങൾക്ക് പ്രധാന കാരണമാകുന്നു. ടി സ്ഥലത്ത് അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് വകുപ്പ് 'ഫാറ്റൽ അപകടങ്ങൾ' ഉണ്ടാകുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ടി അപകടം ഉണ്ടാകാനുള്ള കാരണം എന്താണെന്ന് മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ജില്ലാ പോലീസ് മേധാവിയുടെ അധ്യക്ഷതയിൽ കൂടുന്ന ആക്സിഡന്റ് റിവ്യൂ മീറ്റിംഗിൽ ചർച്ച ചെയ്യുന്നതും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചു വരുന്നതുമാണ്.
ഇത്തരത്തിൽ ഓച്ചിറ മുതൽ രാമപുരം വരെയുള്ള ദേശീയ പാതയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി ടി സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക, നാഷണൽ ഹൈവേയും, അപ്രോച്ച് റോഡും തമ്മിലുള്ള ഉയര വ്യത്യാസം പരിഹരിക്കുക, സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ